# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:29.09.2025**

### പ്രധാനവാർത്തകൾ

1. **സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനെതിരെ ഏകകണ്ഠേന പ്രമേയം പാസാക്കി നിയമസഭ. വോട്ടർപ്പട്ടിക പുതുക്കൽ സുതാര്യമായി നടപ്പാക്കണമെന്ന് പ്രമേയാവതരണത്തിൽ മുഖ്യമന്ത്രി.**
2. **ബിരുദാനന്തര ബിരുദ തലത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള നടപടികൾ ഊർജ്ജിതമാക്കിയതായി ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു.**
3. **കരൂർ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 41 ആയി. അപകട സ്ഥലം സന്ദർശിച്ച് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ.**
4. **സംസ്ഥാനത്ത് നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി ഇന്ന് പൂജവയ്പ്പ്. വിജയദശമി വ്യാഴാഴ്ച.**
5. **ഹൃദയാരോഗ്യത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നത് ലക്ഷ്യമിട്ട് ഇന്ന് ലോക ഹൃദയ ദിനം. സംസ്ഥാനത്ത് ഹൃദ്രോഗ നിരക്ക് ഉയരുന്നതിൽ ആശങ്കയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

RNUTVPM

6. **സ്വർണ വിലയിൽ റെക്കോഡ് വർധന. പവന് 85,000 രൂപ കടന്നു.**

## സമഗ്ര വോട്ടർ പട്ടിക - മുഖ്യമന്ത്രി

സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനെതിരെ ഏകകണ്ഠേന പ്രമേയം പാസാക്കി നിയമസഭ. മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രമേയം അവതരിപ്പിച്ചത്. SIRലെ ചില നിബന്ധനകൾ പ്രായപൂർത്തി വോട്ടവകാശത്തെ ഹനിക്കുന്ന തീരുമാനമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. രേഖകളില്ലാത്തതിൻറെ പേരിൽ വോട്ടർ പട്ടികയിൽ നിന്നും ഒഴിവാക്കുന്നത്, ഭരണഘടന ഉറപ്പുനൽകുന്ന സാർവത്രിക വോട്ടവകാശത്തിൻറെ പൂർണമായ ലംഘനമാണെന്ന് അദ്ദേഹം വ്യക്തമാക്കി. തെരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർപ്പട്ടിക പുതുക്കൽ സുതാര്യമായി നടപ്പാക്കണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. നിയമസഭയിൽ ഇപ്പോൾ, സംസ്ഥാനത്തെ ധനപ്രതിസന്ധി സംബന്ധിച്ച അടിയന്തര പ്രമേയത്തിന്മേലുള്ള ചർച്ച പുരോഗമിക്കുകയാണ്.

## പി പ്രസാദ്

സംസ്ഥാനത്തെ തരിശ് ഭൂമികൾ ഏറ്റെടുത്ത് ആധുനിക കൃഷിരീതികൾ നടപ്പിലാക്കുന്ന നവോത്ഥാൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായി കൃഷി മന്ത്രി പി പ്രസാദ്. ആദ്യ ഘട്ടത്തിൽ 32 ഭൂ ഉടമകളും 226 കർഷക സംരംഭകരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതിക്കായി 4,758

ഏക്കറിലധികം ഭൂമി ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി നിയസഭയിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**ആർ ബിന്ദു-(ഇൻട്രോ)**

ബിരുദാനന്തര ബിരുദ തലത്തിൽ പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള നടപടികൾ ഊർജ്ജിതമാക്കിയതായി ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. ശ്രീ സജി ഗോപിനാഥിന്റെ അധ്യക്ഷതയിലുള്ള കരിക്കുലം പരിഷ്കരണ സമിതി തയ്യാറാക്കിയ കരട് വിശദമായ ചർച്ചകൾക്കു ശേഷം നടപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു. നാല് വർഷ ബിരുദ കോഴ്സിൻ്റെ ഭാഗമായി സമൂഹത്തെ സമഗ്രമായി അറിയാനും, പൗരാവകാശങ്ങൾ ഉൾക്കൊള്ളാനുമുള്ള കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി നിയസഭയെ അറിയിച്ചു.
(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**സജി ചെറിയാൻ**

കലാപ്രവർത്തകർക്കുള്ള പെൻഷൻ പദ്ധതി പരിഷ്കരിക്കുന്നതിൻറെ ഭാഗമായി വിവിധ ധന സഹായ പദ്ധതികളുടെ തുക വർധിപ്പിക്കാൻ തീരുമാനിച്ചതായി മന്ത്രി സജി ചെറിയാൻ. തുളു കലാകാരൻമാർ ഉൾപ്പെടെ പെൻഷൻ പദ്ധതിയുടെ ഭാഗമാകാതെ പോയവരെയും ഉൾപ്പെടുത്തും. പ്രതിമാസം 1600

RNUTVPM

രൂപയാണ് കലാപ്രവർത്തകർക്ക് പെൻഷനായി നൽകി വരുന്നതെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**മന്ത്രി വി എൻ വാസവൻ**

ശബരിമല ക്ഷേത്രത്തിലെ സ്വർണ പീഠം കാണാതായതിന് പിന്നിൽ ഗൂഢാലോചന സംശയിക്കുന്നതായി മന്ത്രി വി എൻ വാസവൻ. സ്പോൺസർ ഉണ്ണികൃഷ്ണൻ പോറ്റി പറയുന്നത് വിശ്വസിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു. കോടതിയുടെ പരിഗണയിലുള്ള കാര്യമായതിനാൽ റിപ്പോർട്ട് കോടതി പരിഗണിച്ച ശേഷം മറ്റ് നടപടികൾ തീരുമാനിക്കുമെന്നും ശ്രീ വാസവൻ പറഞ്ഞു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**മുഖ്യമന്ത്രി എന്നോടൊപ്പം**

സംസ്ഥാന സർക്കാരും പൊതുജനങ്ങളും തമ്മിലുള്ള ആശയവിനിമയം ശക്തമാക്കുന്നതിന്റെ ഭാഗമായി 'മുഖ്യമന്ത്രി എന്നോടൊപ്പം' സിറ്റിസൺ കണക്ട് സെന്റർ ഇന്ന് പ്രവർത്തനം ആരംഭിക്കും. വെള്ളയമ്പലത്തെ സിറ്റിസൺ കണക്ട് കേന്ദ്രത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിക്കും. 1800-425-6789 എന്ന ടോൾഫ്രീ നമ്പരിലൂടെ ജനങ്ങൾക്ക് മുഖ്യമന്ത്രിയോട് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും പറയാം.

❁❁❁❁❁❁❁❁❁❁❁❁❁

**ലോക ഹൃദയ ദിനം (ഇൻട്രോ)**

ഇന്ന് ലോക ഹൃദയ ദിനം. ഹൃദയാരോഗ്യത്തെക്കുറിച്ചുള്ള അവബോധം വളർത്തുകയും ഹൃദയ സംബന്ധമായ രോഗങ്ങൾ പ്രതിരോധിക്കുകയുമാണ് ദിനാചരണത്തിന്റെ ലക്ഷ്യം. "ഒരു സ്പന്ദനം പോലും നഷ്ടപ്പെടുത്തരുത്" എന്നതാണ് ഈ വർഷത്തെ പ്രമേയം. ഹൃദ്രോഗം പ്രതിരോധിക്കാനുള്ള മുൻ കരുതലുകളെക്കുറിച്ച് ഹൃദ്രോഗ വിദഗ്ധൻ ഡോ എ ജോർജ്ജ് കോശി ആകാശവാണി വാർത്തകളോട്....

(വോയിസ്)

## ഹൃദയപൂർവ്വം

സംസ്ഥാനത്ത് ഹൃദ്രോഗ നിരക്ക് ഉയരുന്നതിൽ ആശങ്കയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആരോഗ്യ വകുപ്പിന്റെ ഹൃദയാഘാത പ്രഥമ ശുശ്രൂഷാ പരിശീലന ക്യാമ്പയിൻ 'ഹൃദയപൂർവത്തിൻ്റെ' സംസ്ഥാനതല ഉദ്ഘാടനം നിയമസഭയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. രോഗിയ്ക്ക് നൽകുന്ന ശാസ്ത്രീയമായ പ്രഥമ ശുശ്രൂഷാ പരിശീലനം എല്ലാവർക്കും ലഭ്യമാക്കാനാണ് ജനകീയ പരിശീലന പരിപാടി ആരംഭിക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

## നവരാത്രി - പൂജവയ്പ്പ്

നവരാത്രിയുടെ ഏഴാം ദിവസമായ മഹാ സപ്തമി ഇന്ന്. സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ നവരാത്രിയോടനുബന്ധിച്ച് വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. ഇന്ന്

RNU TVPM

വൈകിട്ട് ഗ്രന്ഥങ്ങളും പഠനോപകരണങ്ങളും പൂജവയ്ക്കും. നാളെയാണ് ദുർഗ്ഗാഷ്ടമി. ബുധനാഴ്ച മഹാനവമിയ്ക്ക് ശേഷം വ്യാഴാഴ്ച വിജയദശമി നാളിൽ പൂജയെടുപ്പ് നടക്കും. നാളെ സംസ്ഥാനത്ത് അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

## നവരാത്രി-ആകാശവാണി

നവരാത്രിയോടനുബന്ധിച്ച് ആകാശവാണി സംഗീതോത്സവം സംഘടിപ്പിക്കുന്നു. ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിനു സമീപമുള്ള നവരാത്രി മണ്ഡപത്തിലാണ് സംഗീതോത്സവം. ബുധനാഴ്ച വരെ, വൈകുന്നേരം ആറ് മണിമുതൽ രാത്രി 08.30 വരെയുള്ള കച്ചേരിയിൽ, സംഗീത രംഗത്തെ പ്രശസ്തർ പങ്കെടുക്കും. ഇന്ന് പാലക്കാട് ശ്രീറാം, എസ്.ആർ മഹാദേവ ശർമ തുടങ്ങിയവരുടെ കച്ചേരിയുണ്ടാകും.

RNU TVPM

## കരൂർ അപകടം

കരൂർ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 41 ആയി. 67 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ ഇന്ന് അപകട സ്ഥലം സന്ദർശിച്ചു. അതിനിടെ, തമിഴക വെട്രി കഴകം അധ്യക്ഷനും നടനുമായ വിജയ്‌യുടെ റാലിക്കിടെ ഉണ്ടായ അപകടം അന്വേഷിക്കാൻ തമിഴ്നാട് സർക്കാർ ASP പ്രേമാനന്ദനെ ചുമതലപ്പെടുത്തി.

**ഓഹരി-സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 65 പോയിൻ്റ് താഴ്ന്ന് 80,361 ലും, നിഫ്റ്റി 13 പോയിൻ്റ് നഷ്ടത്തിൽ 24,642 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ റെക്കോഡ് വർധന. പവന് 680 രൂപ വർധിച്ച് 85,360 രൂപയും, ഗ്രാമിന് 10,670 രൂപയുമായി. ഇതാദ്യമായാണ് പവന് 85,000 രൂപ കടക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**സേവാപർവ് -ഇൻട്രോ**

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി പ്രധാനമന്ത്രി ഗതിശക്തി ദേശീയ മാസ്റ്റർ പ്ലാനിലൂടെ അടിസ്ഥാന സൗകര്യ വികസനത്തിൽ കേന്ദ്ര സർക്കാർ, വിപ്ലവം സൃഷ്ടിച്ചതിനെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്.

PNUTVPM

(voice)

(music)

❁❁❁❁❁❁❁❁❁❁❁❁❁

**അനൗൺസ്മെൻറ്**

സേവാ പർവ്വിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക ചർച്ചാ പരമ്പരയിൽ

അടിസ്ഥാന സൗകര്യ വികസനത്തെ കുറിച്ചുള്ള ചർച്ച ഇന്ന് ഉച്ച കഴിഞ്ഞ് 3.30 ന് പ്രക്ഷേപണം ചെയ്യും. ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി പ്രസിഡന്റ് രഘുചന്ദ്രൻ നായർ സംസാരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**കാലാവസ്ഥ-കേരളം**

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. നെയ്യാർ ഡാമിന്റെ ഷട്ടറുകൾ ഉയർത്തിയതിനാൽ ജാഗ്രത പാലിക്കണം .

❁❁❁❁❁❁❁❁❁❁❁❁❁

**തദ്ദേശ വോട്ടർപട്ടിക**

RNUTVPM

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ ഇന്ന് മുതൽ ഒക്ടോബർ 14 വരെ പേരു ചേർക്കാം. കരട് വോട്ടർപട്ടിക ഇന്ന് പ്രസിദ്ധീകരിക്കും. അന്തിമ വോട്ടർപട്ടിക ഒക്ടോബർ 25 ന് പ്രസിദ്ധീകരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**പ്രവാസി വോട്ടർമാർ**

പ്രവാസി വോട്ടർമാർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സംസ്ഥാന

തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി. അപേക്ഷകൻ വിദേശത്ത് താമസിക്കുന്ന, വിദേശ രാജ്യത്തിൻറെ പൗരത്വം സ്വീകരിച്ചിട്ടില്ലാത്ത ഇന്ത്യൻ പൗരനായിരിക്കണം.

sec.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്.

## ജിഎസ്ടി പരിഷ്കാരങ്ങൾ

സാധാരണക്കാർക്ക് ആശ്വാസമായി ഈ മാസം 22 നു പ്രാബല്യത്തിൽ വന്ന പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ. പിസ്സ ബ്രെഡ്, ചപ്പാത്തി എന്നിവ പൂർണ്ണമായും നികുതി രഹിതമാക്കി. കറി പേസ്റ്റ്, മയോണൈസ്, മിക്സഡ് മസാലകൾ തുടങ്ങിയവയുടെ ജിഎസ്ടി 5 ശതമാനമായി കുറച്ചിട്ടുണ്ട്.

RIJU TVPM